## കേരള ഗസറ്റ് ഭാഗം IV –ൽ വ്യക്തിപരമായ പരസ്യങ്ങൾ വിജ്ഞാപനമായി ഓൺ ലൈനിൽ പ്രസിദ്ധീകരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നവർ പാലിക്കേണ്ട കാര്യങ്ങൾ.

---

**1. കേരള ഗസറ്റിൽ വ്യക്തിപരമായി പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിന് അപേക്ഷകൻ ഇന്ത്യൻ പൗരനും കേരളത്തിൽ സ്ഥിരമായി താമസിക്കുന്നവരും ആയിരിക്കണം.**

**2. പേര്/ഒപ്പ്/മതം/ലിംഗം എന്നിവ മാറ്റുന്നതിനും, ജാതി തിരുത്തുന്നതിനും അപേക്ഷ സമർപ്പിക്കാവുന്നതാണ്.**

(എ) ഓൺലൈൻ അപേക്ഷകൾ https://compose.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന നൽകാവുന്നതാണ്.

(ബി) ഖണ്ഡിക 5 പ്രകാരം പ്രസിദ്ധീകരിക്കേണ്ട വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന വസ്തുതകൾ തെളിയിക്കുന്നതിന് ഉപോൽബലകമായ എല്ലാ രേഖകളും അപേക്ഷകന്റെ ഫോട്ടോ സഹിതം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(സി) അപേക്ഷക്കുള്ള തെളിവു രേഖകൾ നിശ്ചിത രീതിയി ആയിരിക്കേണ്ടതാണ്. അല്ലാതെയുള്ള കാര്യത്തിൽ പരസ്യക്കൂലി മുൻകൂർ ഒടുക്കിയിട്ടുണ്ടെന്നുള്ളതിന് പ്രാമുഖ്യം നല്കപ്പെടുന്നതല്ല. അപേക്ഷയും അനുബന്ധ രേഖകളും ക്രമത്തിലാണെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രം സമർപ്പിക്കുക. പരസ്യങ്ങൾക്കായി മുൻകൂർ അടയ്ക്കുന്ന തുക യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല.

**3. പരസ്യക്കൂലി (11-11-2024 മുതൽ പ്രാബല്യത്തിലുള്ളത്).**

| | | | |
|---|---|---|---|
| (എ) | **പേര് മാറ്റം** | .. | 1820 രൂപ |
| | (പുതിയ പേരിനനുസൃതമായി ഒപ്പും മാറ്റുന്നതാണ് എന്ന് പരസ്യത്തിൽ പറയുകയാണെങ്കിൽ ഒപ്പ് മാറ്റുന്നതിനായി പ്രത്യേക ഫീസ് ആവശ്യമില്ല.) | | |
| (ബി) | **ഒപ്പ് മാറ്റം** | .. | 2600 രൂപ |
| | (പഴയ ഒപ്പും പുതിയ ഒപ്പും വെള്ള പേപ്പറിൽ കറുത്ത മഷികൊണ്ട് രേഖപ്പെടുത്തി അപ്‌ലോഡ് ചെയ്യണം. ഒപ്പ് മാറ്റുന്നതിനോടൊപ്പം ആവശ്യമെങ്കിൽ പേരും മാറ്റാവുന്നതാണ്. ഇതിന് പ്രത്യേക ഫീസ് ആവശ്യമില്ല.) | | |
| (സി) | **മതം മാറ്റം** | .. | 1560 രൂപ |
| (ഡി) | **ലിംഗ മാറ്റം** | .. | 1820 രൂപ |
| (ഇ) | **ജാതി തിരുത്തൽ** | .. | 1560 രൂപ |

4. **ഗസറ്റ് വിജ്ഞാപനത്തിനായി അപേക്ഷിക്കുമ്പോൾ നിർദ്ദിഷ്ട പരസ്യക്കൂലി ഒടുക്കേണ്ട വിധം.**

(എ) പരസ്യക്കൂലി ഓൺലൈൻ ആയും ഈ ട്രഷറി മുഖേനയും അടയ്ക്കാവുന്നതാണ്.

(ബി) ചെലാൻ പ്രകാരം സർക്കാർ ട്രഷറിയിൽ നേരിട്ട് പണം ഒടുക്കുന്നതിനുള്ള ശീർഷകം

**പരസ്യക്കൂലി : Sty. & Ptg. 0058 Advt. Charges (200) – 96**

**5. അപേക്ഷ സമർപ്പിക്കേണ്ട വിധം.**

ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നവർ ചുവടെ ചേർക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(എ) പ്രായപൂർത്തിയായ ഓരോ വ്യക്തിയും ഫോട്ടോസഹിതം പ്രത്യേകം (നിർദ്ദിഷ്ട എല്ലാ കോളങ്ങളും പൂരിപ്പിച്ച്) അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ബി) മൈനറായ കുട്ടികളെ സംബന്ധിച്ച പരസ്യം അച്ഛൻ/അമ്മ/അംഗീകൃത രക്ഷാകർത്താവ് (അംഗീകൃത രക്ഷാകർത്താവാണെങ്കിൽ ആയതിന്റെ വ്യക്തമായ രേഖ) എന്നിവരിൽ ഒരാൾ ഓൺലൈനായി അപേക്ഷിക്കണം. കുട്ടിയുടെ അമ്മ/അംഗീകൃത രക്ഷാകർത്താവ് എന്നിവർ അപേക്ഷിക്കുമ്പോൾ പിതാവിന്റെ സമ്മതപത്രം കൂടി ഉൾപ്പെടുത്തണം.

(സി) ഒന്നിൽ കൂടുതൽ കുട്ടികളെ സംബന്ധിച്ച പരസ്യം ഒരേ വിജ്ഞാപനത്തിൽ പ്രസിദ്ധപ്പെടുത്താവുന്നതാണ്. എന്നാൽ, ഓരോ കുട്ടിക്കും പ്രത്യേകം പ്രത്യേകം ഫീസ് ഒടുക്കണം.

(ഡി) കുട്ടികളുടെ പേര്, ജനനത്തീയതി, മാതാപിതാക്കളുടെ പേര് എന്നിവ ഉൾക്കൊള്ളുന്ന വിദ്യാലയ അധികൃതരുടെ സർട്ടിഫിക്കറ്റ്, ജനന സർട്ടിഫിക്കറ്റ് മറ്റ് അംഗീകൃത രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യണം.

(ഇ) പേര് മാറ്റുന്നതിന് വിദ്യാഭ്യാസരേഖകൾ കൂടാതെ റേഷൻ കാർഡ്, ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്, പാസ്പോർട്ടിന്റെ ആദ്യപേജും വിതരണം ചെയ്ത മേലുദ്യോഗസ്ഥന്റെ പേരും ഒപ്പും ഓഫീസ് സീലും ഉൾപ്പെടുന്ന പേജ്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ് എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. പേരിനൊപ്പം സ്ഥലപ്പേര് ചേർക്കണമെങ്കിൽ ടി ഉൾപ്പെടുത്തൽ സംബന്ധിച്ചുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാരിൽ നിന്നും ലഭ്യമാക്കി അപ്‌ലോഡ് ചെയ്യേണ്ടതാണ്. വിദ്യാഭ്യാസമില്ലാത്ത അപേക്ഷകരുടെ അച്ഛന്റെ പേര്, ജനനതീയതി, നിലവിലുള്ള ജാതി, മതം എന്നിവ തെളിയിക്കുന്നതിന് ബന്ധപ്പെട്ട രേഖ വില്ലേജ് ഓഫീസറിൽ നിന്നും ടി അപേക്ഷകൻ വിദ്യാഭ്യാസം ചെയ്തിട്ടില്ല എന്ന വിവരം ഉൾക്കൊള്ളുന്ന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(എഫ്) കുട്ടികളുടെ മതംമാറ്റം (നിലവിലുള്ള നിയമത്തിന് വിധേയമായി) മാതാവ്/പിതാവ്/അംഗീകൃത രക്ഷാകർത്താവ് ഇവരിൽ ആരുടെയെങ്കിലും മതത്തിലേക്കായിരിക്കണം. മാതാവ്/പിതാവ്/അംഗീകൃത രക്ഷാകർത്താവ് ഇവരുടെ മതംമാറ്റ പരസ്യത്തിൽ ഉൾപ്പെടുത്തിയും കുട്ടികളുടെ മതം മാറാവുന്നതാണ്. മൈനറായ കുട്ടികളുടെ പേര്/മതം മാറ്റം, ജാതി തിരുത്ത് എന്നിവയ്ക്കുവേണ്ടി അപേക്ഷിക്കുന്ന ആൾ കുട്ടിയുടെ മാതാവ് ആണെങ്കിൽ ബയോളജിക്കൽ ഫാദറിൽ നിന്നുള്ള സമ്മതപത്രം (ഫോൺ നമ്പർ രേഖപ്പെടുത്തിയത്) കൂടെ ലഭ്യമാക്കി അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷക വിവാഹമോചിതയാണെങ്കിൽ ഡിവോഴ്സ് ചെയ്ത കോടതി ഉത്തരവിന്റെ പകർപ്പും കുട്ടിയുടെ പൂർണ്ണ

ഉത്തവാദിത്വവും അവകാശവും അമ്മയ്ക്കാണെന്നുള്ള കോടതി ഉത്തരവിന്റെ പകർപ്പ് കൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ജി) കുട്ടികളുടെ പേരുമാറ്റം/ജാതി തിരുത്തൽ/മതംമാറ്റം സംബന്ധിച്ച അപേക്ഷയോടൊപ്പം അപേക്ഷകനെ സംബന്ധിച്ച രേഖകൾ (S.S.L.C /സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, Ration Card, ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്, Passport, PAN Card) അപ്‌ലോഡ് ചെയ്യണം.

(എച്ച്) മരിച്ചയാളുടെ പേരുമാറ്റം/മതംമാറ്റം/ജാതി തിരുത്തൽ എന്നിവ സംബന്ധിച്ച അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

(ഐ) ജനനത്തീയതി തിരുത്തൽ സംബന്ധിച്ച പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

(ജെ) മേൽവിലാസം മാറ്റുന്നതു സംബന്ധിച്ച പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

(കെ) ലിംഗമാറ്റം ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് പേര് മാറ്റത്തിനുവേണ്ട എല്ലാ രേഖകളും സാമൂഹ്യനീതിവകുപ്പിൽ നിന്നും ലഭ്യമായ ട്രാൻസ്ജെൻഡർ ഐ.ഡി. കാർഡും അപ്‌ലോഡ് ചെയ്യണം.

**6.** (എ) ഓൺലൈൻ അപേക്ഷകർ വിദ്യാഭ്യാസ യോഗ്യതകൾ, പാസ്പോർട്ട്, പാൻ കാർഡ്, തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നീ രേഖകളുടെ വർഷം, മാസം, രജിസ്റ്റർ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം. എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റുള്ളവർ അതിന്റെ ബുക്ക് നമ്പർ, രജിസ്റ്റർ നമ്പർ എന്നിവ ഉൾക്കൊള്ളുന്ന പുറം ചട്ടയുടെയും, പേര്, ജനനത്തീയതി, അച്ഛന്റെ പേര് തുടങ്ങിയവ ഉൾക്കൊള്ളുന്ന Page അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ബി) ജോലിയുടെ വിവരം വിജ്ഞാപനത്തിൽ ഉൾക്കൊള്ളിക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള ജനനത്തീയതി ഉൾപ്പെടുന്ന സർവ്വീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(സി) സ്കൂളിലോ കോളേജിലോ പഠിക്കുന്ന വിവരം വിജ്ഞാപനത്തിൽ ഉൾക്കൊള്ളിക്കുന്നതിന് പ്രസ്തുത വിദ്യാലയത്തിൽ നിന്നുള്ള (അഡ്മിഷൻ നമ്പർ, അഡ്മിഷൻ തീയതി, ജനനത്തീയതി, ഏതു ക്ലാസിലാണ് പഠിക്കുന്നത്, രക്ഷാകർത്താവിന്റെ പേര് തുടങ്ങിയ വിവരം ഉൾപ്പെടെ) സർട്ടിഫിക്കറ്റ് (അസ്സൽ) അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ഡി) സ്വന്തം പേരിനോട് ഭർത്താവിന്റെ പേര് ചേർത്ത് പേരുമാറ്റം പ്രസിദ്ധപ്പെടുത്തുന്നതിന് 6(സി)–ൽ പറഞ്ഞിരിക്കുന്നതുപോലെ വിവാഹ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ഇ) ഒന്നിൽ കൂടുതൽ പേര് പല രേഖകളിലുമുള്ള വ്യക്തികൾ, പ്രസ്തുത എല്ലാ രേഖകളും (വിവാദമാകാവുന്ന രേഖകൾ/വസ്തുവിന്റെ ആധാരങ്ങൾ ഒഴികെ) അപ്‌ലോഡ് ചെയ്യേണ്ടതാണ്. ആ വിവരം വിജ്ഞാപനത്തിൽ രേഖപ്പെടുത്തുകയും വേണം. കൂടാതെ, ഒന്നിൽ കൂടുതൽ പേരുകളിൽ അറിയുന്നത് ഒരാൾ തന്നെയാണെന്നുള്ളതിനുള്ള തെളിവായി രേഖകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി മുതലായവ) അപേക്ഷകന്റെ സത്യപ്രസ്താവന, ഗസറ്റഡ് പദവിയിലുള്ള സർക്കാർ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽ

കേണ്ടതാണ്(വ്യത്യസ്തമായ ജനനത്തീയതിയുള്ള വിവിധ പേരുകളിലുള്ളവർ ഒരാളാണെന്ന പരസ്യം സ്വീകരിക്കുന്നതല്ല.)

(എഫ്) മേൽവിലാസത്തിന് തെളിവായി റസിഡൻസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ളവയോ തത്തുല്യമായ (റേഷൻ കാർഡ്/പാസ്പോർട്ട്/ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്, Driving License, ആധാർ കാർഡ്, ഏറ്റവും പുതിയ ഇലക്ട്രിസിറ്റി ബിൽ, കുടിവെള്ള ബിൽ, ടെലഫോൺ ബിൽ, കെട്ടിട നികുതി രസീത്) എന്നീ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ജി) പേരിനൊപ്പം ഇനിഷ്യൽ മാറ്റുന്നതിനുള്ള അപേക്ഷകളിൽ വ്യക്തമായ കാരണവും വിശദീകരണവും അത് തെളിയിക്കുന്ന രേഖകൾ സഹിതം അപ്‌ലോഡ് ചെയ്യുന്നതു മാത്രമേ അനുവദിക്കുകയുള്ളൂ. കൂടാതെ ഇനിഷ്യലിന്റെ വികസിതരൂപം കൂടി ബ്രാക്കറ്റിൽ കാണിക്കേണ്ടതാണ്.

(എച്ച്) കൂടെ കൂടെയുള്ള പേരുമാറ്റം, മതംമാറ്റം, ജാതി തിരുത്തൽ സംബന്ധിച്ച അപേക്ഷകൾ സ്വീകരിക്കുന്നതല്ല. എന്നാൽ, പ്രത്യേക സാഹചര്യങ്ങളിൽ സർക്കുലേഷൻ കൂടുതലുള്ള രണ്ടു ദിനപത്രങ്ങളിൽ ടി വിവരം പരസ്യപ്പെടുത്തി ആയതിന്റെ പകർപ്പും, ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന്റെ അഫിഡവിറ്റും സമർപ്പിക്കേണ്ടതും അവ സർക്കാർ അനുമതിക്ക് വിധേയമായി പൂർണ്ണ പരിശോധനയ്ക്കുശേഷം പ്രസിദ്ധീകരിക്കുന്നതാണ്.

(ഐ) അപേക്ഷ സമർപ്പിച്ചശേഷം പുനഃപരിശോധനയിൽ ഏതെങ്കിലും കൂടുതൽ രേഖകൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് വകുപ്പിൽ നിന്നും അറിയിക്കുകയാണെങ്കിൽ പ്രസ്തുത രേഖകൾ കൂടെ ഉൾപ്പെടുത്തി അപേക്ഷ പുനഃസമർപ്പിക്കേണ്ടതാണ്.

## 7. ഒപ്പ് മാറ്റം

ഓൺലൈൻ അപേക്ഷകർ ഒപ്പ് മാറ്റുന്നതിന് പഴയ ഒപ്പും പുതിയ ഒപ്പും വെള്ള പേപ്പറിൽ കറുത്ത മഷികൊണ്ട് വ്യക്തമായി തെളിയുന്ന രീതിയിൽ രേഖപ്പെടുത്തി അപ്‌ലോഡ് ചെയ്യണം. കൂടാതെ എസ്.എസ്.എൽ.സി./സ്കൂൾ രേഖ, മേൽവിലാസം രേഖപ്പെടുത്തിയ തിരിച്ചറിയൽ രേഖ എന്നിവ കൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

## 8. മതപരിവർത്തനം

23-7-2020-ലെ സ. ഉ. (കൈ) നമ്പർ 187/20/റവ. പ്രകാരം മതപരിവർത്തനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് മതസംഘടനകളുടെ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ട ആവശ്യമില്ല. എങ്കിലും സംശയാസ്പദമായി എന്തെങ്കിലും കാണുന്നുവെങ്കിൽ ബന്ധപ്പെട്ട തഹസിൽദാർ മുഖേന അന്വേഷണം നടത്തി മാത്രമേ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയുള്ളൂ. കൂടാതെ അപേക്ഷകർ നിലവിലുള്ള മതം തെളിയിക്കുന്നതിനായി അപേക്ഷകന്റെ വിദ്യാഭ്യാസ രേഖ (എസ്.എസ്.എൽ.സി./സ്കൂൾ എക്സ്ട്രാക്റ്റ്) അപ്‌ലോഡ് ചെയ്യാവുന്നതാണ്.

**9. ജാതി തിരുത്തൽ**

ജാതി തിരുത്തുന്നത് സംബന്ധിച്ച് തഹസിൽദാർ അനുവദിക്കുന്ന സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ജാതി തിരുത്തി പട്ടികജാതിയിൽ/പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നതിന് ആന്ത്രോപ്പോളജിക്കൽ സർവ്വേയുടെ അടിസ്ഥാനത്തിലുള്ള തഹസിൽദാർ അനുവദിക്കുന്ന സർട്ടിഫിക്കറ്റും ജാതി തിരുത്തി പിന്നോക്ക സമുദായത്തിൽ ഉൾപ്പെടുത്തുന്നതിന് ആന്ത്രോപ്പോളജിക്കൽ സർവ്വേ ആവശ്യമില്ലെന്ന് രേഖപ്പെടുത്തിയ തഹസിൽദാർ അനുവദിക്കുന്ന സർട്ടിഫിക്കറ്റും ലാറ്റിൻ കാത്തലിക് വിഭാഗത്തിലേക്ക ജാതി തിരുത്തൽ നടത്തുന്നതിന് ജി. ഒ. (എം.എസ്.) നമ്പർ. 55/12/എസ്.സി.എസ്.റ്റി. ഡി. ഡി തീയതി 04-04-2012 പ്രകാരമുള്ള തഹസീൽദാർ അനുവദിക്കുന്ന സർട്ടിഫിക്കറ്റും അപ്‌ലോഡ് ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ അപേക്ഷകൾ പരിശോധിക്കുമ്പോൾ കൂടുതൽ രേഖകൾ ആവശ്യമായി വരുകയാണെങ്കിൽ പ്രസ്തുത രേഖകൾ എസ്.എം.എസ്. മുഖേന ആവശ്യപ്പെടുന്ന മുറയ്ക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**10.** വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ രേഖകളിൽ തിരുത്തലുകൾ വരുത്തുന്നത് ഈ വകുപ്പിന്റെ അധികാര പരിധിയിലുള്ള വിഷയമല്ല. ആയത് അതത് വകുപ്പുകളുടെ നിയമമനുസരിച്ച് ആ വകുപ്പുകൾ ചെയ്യേണ്ടുന്ന കാര്യമാണ്. ഇത്തരം പരാതികൾ ഈ വകുപ്പ് സ്വീകരിക്കുന്നതല്ല.

**11. അന്വേഷണം.**

മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ സംശയനിവാരണത്തിനായി പ്രവൃത്തി ദിവസങ്ങളിൽ തിരുവനന്തപുരത്തുള്ള അച്ചടിവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ പരസ്യ വിഭാഗത്തിലോ, അതാത് ജില്ലാ ഫോറം സ്റ്റോറിലോ ബന്ധപ്പെടാവുന്നതാണ്.

**സംശയനിവാരണത്തിനായി ബന്ധപ്പെടേണ്ട നമ്പർ.**

| | | | |
|---|---|---|---|
| തിരുവനന്തപുരം അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ പരസ്യ വിഭാഗം | 0471-2331360 | ജില്ലാ ഫാറം സ്റ്റോർ, എറണാകുളം. | 0484-2426593 |
| ജില്ലാ ഫാറം സ്റ്റോർ, മണ്ണന്തല, തിരുവനന്തപുരം. | 0471-2530439 | ജില്ലാ ഫാറം സ്റ്റോർ, തൃശ്ശൂർ. | 0487-2366177 |
| | | ജില്ലാ ഫാറം സ്റ്റോർ, പാലക്കാട്. | 0466-2220429 |
| ജില്ലാ ഫാറം സ്റ്റോർ, കൊല്ലം. | 0474-2535200 | ജില്ലാ ഫാറം സ്റ്റോർ, മലപ്പുറം. | 0483-2730199 |
| ജില്ലാ ഫാറം സ്റ്റോർ, പത്തനംതിട്ട | 0468-2271109 | ജില്ലാ ഫാറം സ്റ്റോർ, കോഴിക്കോട്. | 0495-2730540 |
| ജില്ലാ ഫാറം സ്റ്റോർ, ആലപ്പുഴ. | 0477-2261254 | ജില്ലാ ഫാറം സ്റ്റോർ, കണ്ണൂർ. | 0497-2746406 |
| ജില്ലാ ഫാറം സ്റ്റോർ,കോട്ടയം. | 0481-2455160 | ജില്ലാ ഫാറം സ്റ്റോർ, വയനാട്. | 04936-282033 |